## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികേന്ദ്രീകൃതാസൂത്രണം-പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി - മൂന്നാം വാർഷിക പദ്ധതി (2014-15) അന്തിമമാക്കുന്നതിനും നാലാം വാർഷിക പദ്ധതി (2015-16) തയ്യാറാക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ(സാധാ)നം. 1250/2015/തസ്വഭവ.        തിരുവനന്തപുരം, തീയതി,      27.04.2015.

---

പരാമർശം:-(1) സ.ഉ(എം.എസ്)നം.1036/2014/തസ്വഭവ തീയതി 26.04.2014.
(2) സ.ഉ(സാധാ)നം.2922/2014/തസ്വഭവ തീയതി 10.11.2014.
(3) സ.ഉ(സാധാ)നം.1230/2015/ധന തീയതി 13.02.2015.
(4) സ.ഉ(സാധാ)നം.2736/2015/ധന തീയതി 26.03.2015.
(5) സ.ഉ(സാധാ)നം.2714/2015/ധന തീയതി 26.03.2015.

### ഉത്തരവ്

പരാമർശം (2) ലെ ഉത്തരവ് പ്രകാരം 2015-16 വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിന് സമയക്രമം നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. ഇതുപ്രകാരം 101 തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മാർച്ച് 31 ന് മുമ്പ് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭ്യമായിട്ടുണ്ട്. സൂചന (4) പ്രകാരം നികുതി പിരിവിന്റെ അടിസ്ഥാനത്തിലുള്ള വിഹിതവും ധനകാര്യ കമ്മിഷൻ തുകയും, സൂചന (5) പ്രകാരം ലോകബാങ്ക് വിഹിതവും അനുവദിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ 2014-15-ലെ വാർഷിക പദ്ധതികൾ അന്തിമമാക്കുന്നതിനും 2015-16 ലെ പൂർണ്ണ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

പരാമർശം (1) ലെ ഉത്തരവ് പ്രകാരം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ബജറ്റ് പ്രകാരമുള്ള തുകയ്ക്ക് (ലോകബാങ്ക്, ടാക്സ് എഫർട്ട് എന്നിവ ഒഴികെ) പ്രോജക്ടുകൾ തയ്യാറാക്കുകയും വാലിഡേഷനുകൾ എല്ലാം ക്രമീകരിച്ച് പദ്ധതി അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ സൂചന (3) പ്രകാരം അനുവദിച്ചതിൽ ധനകമ്മിഷൻ വിഹിതം ചില ട്രഷറികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിലേയ്ക്ക് നൽകിയിരുന്നു. ഈ സാഹചര്യത്തിൽ സൂചന (3) പ്രകാരം അനുവദിച്ച തുകയിൽ ധനകമ്മിഷൻ വിഹിതം സുലേഖാ സോഫ്റ്റ് വെയറിലെ അനുബന്ധം 2 ൽ ഉൾപ്പെടുത്തുകയും ചെയ്തിരുന്നു. ഇതുപ്രകാരം ചില തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതികൾ ഭേദഗതി ചെയ്ത് ആസൂത്രണ സമിതിയ്ക്ക് സമർപ്പിക്കുകയും അംഗീകാരം നേടുകയും ചെയ്തിട്ടുണ്ട്. എന്നാൽ സൂചന (3) പ്രകാരം അനുവദിച്ച തുകകൾ ഭേദഗതി ചെയ്തും കൂടുതൽ തദ്ദേശഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയും സൂചന (4) പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതിൻ പ്രകാരം ധനകാര്യ കമ്മിഷൻ വിഹിതത്തിൽ മാറ്റം വരുത്തി സൂചന (4) പ്രകാരമുള്ള തുകകൾ ഉൾപ്പെടുത്തി സുലേഖാ സോഫ്റ്റ് വെയറിലെ അനുബന്ധം 2 ഭേദഗതി ചെയ്തിട്ടുണ്ട്. സൂചന (5) പ്രകാരം ലോകബാങ്ക് വിഹിതം അനുവദിക്കുകയും ആയത് അനുബന്ധം 2 ൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ചില തദ്ദേശഭരണ സ്ഥാപനങ്ങൾ വാലിഡേഷൻ ലഭ്യമാക്കി പദ്ധതി പുനക്രമീകരണം നടത്തുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. പരാമർശം 3, 4, 5 ഉത്തരവുകൾ പ്രകാരമുള്ള തുകകൾ ഉപയോഗപ്പെടുത്തി ഏതെങ്കിലും തദ്ദേശഭരണ സ്ഥാപനം പ്രോജക്ട് ഭേദഗതി ചെയ്തിട്ടുണ്ടെങ്കിൽ പ്രസ്തുത സ്ഥാപനം വാലിഡേഷൻ പൂർത്തീകരിച്ച് 2014-15 അന്തിമ പദ്ധതിയ്ക്ക് അംഗീകാരം വാങ്ങേണ്ടതാണ്. മേൽ സൂചന തുകകൾ ഉപയോഗപ്പെടുത്താത്ത തദ്ദേശഭരണ സ്ഥാപനങ്ങൾ 2014-15 വാർഷിക പദ്ധതിയിലെ വാലിഡേഷൻ ലഭ്യമാക്കി അംഗീകാരത്തിന് സമർപ്പിക്കേണ്ടതില്ല.

2. 2014-15 പദ്ധതിയിലെ പ്രോജക്ടുകളുടെ പൂർത്തീകരണപത്രം ഏപ്രിൽ 30നകം സുലേഖാ സോഫ്റ്റ് വെയറിൽ തയ്യാറാക്കേണ്ടതും തയ്യാറാക്കുന്ന പൂർത്തീകരണ പത്രങ്ങളിൽ ഭൗതിക പുരോഗതി നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

3. സുലേഖാ സോഫ്റ്റ് വെയറിൽ നിന്നും 2014-15 ചെലവുകൾ പരിശോധിച്ച് മുഴുവൻ ചെലവുകളും (ഉറവിടത്തിൽ കുറവ് ചെയ്ത തുകകൾ ഉൾപ്പെടെ) വന്നിട്ടുണ്ടെന്ന് ഉറുപ്പുവരുത്തേണ്ടതാണ്.

4. സ്പിൽ ഓവർ പ്രോജക്ടുകളുടെ ലിസ്റ്റ് ഓരോ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും രേഖാമൂലം വാങ്ങേണ്ടതും ആയവ 2015-16 ലെ വാർഷിക പദ്ധതിയിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതുമാണ്. 2015-16 ലെ പൂർണ്ണ വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ചു കഴിഞ്ഞാൽ യാതൊരു സാഹചര്യത്തിലും സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടുത്താൻ സാധിക്കുന്നതല്ല. 31.03.2015 നു തയ്യാറാക്കി ട്രഷറികളിൽ സമർപ്പിച്ചിരുന്ന ബില്ലുകളിൽ തുക കിട്ടാതെയുള്ളവയുടെ അലോട്ട്മെന്റ് റദ്ദു ചെയ്ത് സ്പിൽ ഓവർ പ്രോജക്ടുകളിൽ ഉൾപ്പെടുത്തേണ്ടതാണ്.

5. 2015-16 ലെ വാർഷിക പദ്ധതി തയ്യാറാക്കുമ്പോൾ 2014-15 ൽ സൂചന (4), (5) ഉത്തരവുകൾ പ്രകാരം അനുവദിച്ച തുകകൾ ഉപയോഗപ്പെടുത്തി പദ്ധതികൾ തയ്യാറാക്കാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾ ടി തുക കൂടി 2015-16 ലെ ബജറ്റ് തുകയോടുകൂടി ചേർത്ത് 2015-16 ലെ വാർഷിക പദ്ധതി തയ്യാറാക്കേണ്ടതാണ്. സൂചന (4), (5) പ്രകാരം അനുവദിച്ച തുകയും 2015-16 ലെ ബജറ്റ് തുകയും ഉൾപ്പെടെയുള്ള തുകയ്ക്കായിരിക്കണം വനിതാ ഘടക പദ്ധതി, വൃദ്ധർ, വികലാംഗർ, കുട്ടികൾ, പ്രത്യേക ഘടക പദ്ധതി എന്നിവയ്ക്ക് നിശ്ചിത ശതമാനം വകയിരുത്തേണ്ടത്.

6. 2015-16 ൽ അംഗീകാരം കിട്ടിയ തദ്ദേശഭരണ സ്ഥാപനങ്ങളും മേൽ പറഞ്ഞ പ്രകാരമുള്ള തുകകൾ ക്രമീകരിച്ച് സ്പിൽ ഓവർ പദ്ധതികൾ ഉൾപ്പെടുത്തി 2015-16 ലെ പൂർണ്ണ വാർഷിക പദ്ധതിയ്ക്ക് അംഗീകാരം വാങ്ങേണ്ടതാണ്.

7. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടേയും പൂർണ്ണ വാർഷിക പദ്ധതി മേയ് 31 നകം ജില്ലാ ആസൂത്രണ സമിതിയ്ക്ക് സമർപ്പിച്ച് അംഗീകാരം നേടേണ്ടതാണ്. യാതൊരു കാരണവശാലും ഈ തീയതി നീട്ടുന്നതല്ല. ഇതിനായി എല്ലാ ഡി.പി.സി കളും ആഴ്ചയിൽ ഒരു പ്രവശ്യം വീതം സമ്മേളിക്കേണ്ടതാണ്. ഡി.പി.സി മീറ്റിംഗിന്റെ ഷെഡ്യൂൾ ഏപ്രിൽ 30 നുമുമ്പ് ജില്ലയിലെ എല്ലാ തദ്ദേശഭരണ സർക്കാരുകളേയും അറിയിക്കേണ്ടതാണ്.

8. 13-ാം ധനകാര്യ കമ്മിഷന്റെ അവാർഡ്, നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ നൽകിയ വികസന ഫണ്ടിന്റെ അവസാന ഗഡു എന്നിവ ചില ട്രഷറികൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നതിൽ തെറ്റ് പറ്റിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് ക്രമീകരിക്കുന്നതിനുള്ള ഉത്തരവ് ധനകാര്യ വകുപ്പ് പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം
**ജയിംസ് വർഗ്ഗീസ്**
പ്രിൻസിപ്പൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

1) എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
2) എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
3) എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
4) എല്ലാ കോർപ്പറേഷൻ മേയർമാർക്കും, സെക്രട്ടറിമാർക്കും.
5) എല്ലാ മുനിസിപ്പൽ ചെയർപേഴ്സൺമാർക്കും, സെക്രട്ടറിമാർക്കും.
6) എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും,സെക്രട്ടറിമാർക്കും.
7) എല്ലാ ജില്ലാ കളക്ടർമാർക്കും ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും.
8) പ്രിൻസിപ്പൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
9) മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്.
10) പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
11) നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
12) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
13) പട്ടികജാതി വികസന ഡയറക്ടർ, തിരുവനന്തപുരം.
14) പട്ടികവർഗ്ഗ വികസന ഡയറക്ടർ തിരുവനന്തപുരം.
15) പബ്ലിക് റിലേഷൻസ് ഡയറക്ടർ (അടിയന്തിര പത്രക്കുറിപ്പിന്)
16) ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.
17) ഡയറക്ടർ, കില, മുളങ്കുന്നത്തുകാവ്, തൃശ്ശൂർ
18) ധനകാര്യ വകുപ്പ്.
19) ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
20) സംസ്ഥാന പെർഫോർമൻസ് ആഡിറ്റ് ആഫീസർ, തിരുവനന്തപുരം
21) ജനറൽ സെക്രട്ടറി, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
22) സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
23) സെക്രട്ടറി, മുനിസിപ്പൽ ചെയർപേഴ്സൺമാരുടെ ചേംബർ
24) സെക്രട്ടറി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേംബർ
25) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
26) അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
27) ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി